ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-6512/2013/സിഇ/തസ്വഭവ

തീയതി : 19.12.2016

# സർക്കുലർ

വിഷയം:- നഗരസഭകളിൽ "PRICE Software"-ൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്

സൂചന:- 15.12.2016-ൽ ബഹു. തസ്വഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ നഗരസഭാ ചെയർമാൻമാരുടെയും ചെയർപേഴ്സൺമാരുടെയും യോഗത്തിലെ തീരുമാനം.

സൂചന യോഗത്തിൽ നഗരസഭാ അദ്ധ്യക്ഷൻമാർ PRICE Software-ൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. തസ്വഭവ സ്ഥാപനങ്ങളിലെ internet connection-ന് വേണ്ടത്ര സ്പീഡ് ഇല്ലാത്തതാണ് മേൽ കാലതാമസത്തിന് കാരണമെന്ന് കാണുന്നു. തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിന് മാത്രമായി ടി തസ്വഭവ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്ത് PRICE Software സുഗമമായി പ്രവർത്തിക്കുവാൻ ആവശ്യമായ സ്പീഡ് ലഭ്യമാകുന്ന Broad band internet connection സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതാണ്.

സാങ്കേതികാനുമതി നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമേ വാർഷിക പദ്ധതി ആരംഭിക്കുന്നതിനും, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുവാനും സാധിക്കുകയുള്ളു. ആയതിനാൽ PRICE Software-ൽ Estimate entry ചെയ്യാൻ തീർത്തും സാദ്ധ്യമാകാത്ത നഗരസഭകളിലെ സാങ്കേതികവിഭാഗം ജീവനക്കാർ NIC-യുടെ ജില്ലാ ഓഫീസുകളിൽ നേരിട്ട് പോയി എസ്റ്റിമേറ്റുകൾ PRICE Software-ൽ തയ്യാറാക്കി upload ചെയ്യേണ്ടതാണ്. ഇതിനുള്ള നിർദ്ദേശം NIC-യുടെ സംസ്ഥാന ആഫീസിൽ നിന്നും NIC ജില്ലാ ആഫീസുകൾക്ക് നൽകിയിട്ടുള്ളതാണ്.

മേൽ സൗകര്യം വിനിയോഗിക്കുവാൻ സാദ്ധ്യമാകാത്ത നഗരസഭകൾ NIC-യുടെ ജില്ലാ / സംസ്ഥാന ഓഫീസുകളിൽ നിന്ന് Pendrive / CD-യിൽ PRICE Software കോപ്പി ചെയ്ത് പ്രസ്തുത നഗരസഭകളുടെ കംപ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും, ആയത് സാങ്കേതികാനുമതി നൽകേണ്ട ഉദ്യോഗസ്ഥരുടെ ഓഫീസിൽ ഹാജരാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽപ്രകാരം ചെയ്യുന്ന എഞ്ചിനീയർ PRICE Software-ൽ താമസംവിനാ ടി എസ്റ്റിമേറ്റുകൾ തയ്യാറാക്കി upload ചെയ്ത് TS വാങ്ങി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ടി എഞ്ചിനീയർ സ്ഥലംമാറ്റം / റിട്ടയർ ചെയ്യുന്ന സാഹചര്യത്തിൽ ടിയാൻ തന്നെ മേൽ പ്രകാരം ചെയ്ത് PRICE Software-ലെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് ബാദ്ധ്യസ്ഥനാണ്.

ചീഫ് എൻജിനീയർ

P 2353